## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

31.10.2019-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. 103

### മീൻപിടുത്ത നിയന്ത്രണ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ<br>,, മഞ്ഞളാംകുഴി അലി<br>,, ടി.എ.അഹമ്മദ് കബീർ<br>,, കെ.എൻ.എ ഖാദർ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സമുദ്ര മത്സ്യബന്ധനം പൂർണ്ണമായും വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് പതിച്ചുകൊടുക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ പുതുതായി മീൻപിടുത്ത നിയന്ത്രണ നിയമം പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കരട് രൂപം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരട് ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അറിയിച്ചിട്ടുണ്ട്. കരട് ബിൽ സംബന്ധിച്ച നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 48 നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. അതിനുശേഷം ചെറുതും വലുതുമായി 36 പുതിയ നിർദ്ദേശങ്ങൾ കൂടി സമർപ്പിച്ചിട്ടുണ്ട്. ഇവ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേരളം സമർപ്പിച്ച നിർദ്ദേശങ്ങളോട് അനുകൂലമായാണ് കേന്ദ്രം പ്രതികരിച്ചിരിക്കുന്നത്. ഇതിനു പുറമേ റൂൾ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ കേരളത്തിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്താനും കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കരട് നിയമത്തിൻ മേൽ ചുവടെ പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് . |

| | | | |
|---|---|---|---|
| | | | • 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ / ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.<br>• കേന്ദ്രസർക്കാർ കൊണ്ട് വരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019 - ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തണം.<br>• നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.<br>• നിയമലംഘന വിഷയത്തിൽ തീരുമാന മെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് / മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.<br>• തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.<br>• ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ |

| | | | |
|---|---|---|---|
| | | | യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.<br>• ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായിനിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.<br>• നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.<br>• സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.<br>• മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ട് വരണം.<br>• നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.<br>• നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാ രിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം<br>• മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | വേണം.<br>• ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.<br>• ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.<br>• 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ കൂടി ഉൾപ്പെടുത്തണം.<br>• പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാതര കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.<br><br>സംസ്ഥാനം സമർപ്പിച്ച ആകെ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകര മായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്ന കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ പ്രസ്തുത നിയമം നടപ്പിലാക്കുക വഴി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നതിനാൽ സമുദ്രത്തിൽ പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീരദേശ മേഖലയുടെ അവകാശം സംസ്ഥാന സർക്കാരുകൾക്ക് തന്നെ | (സി) | സംസ്ഥാനങ്ങളുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാന ങ്ങൾക്കുള്ള അധികാരം നിലനിർത്ത ണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നൽകണമെന്ന രീതിയിൽ കേന്ദ്രത്തിനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ